# കണ്ണൂർ സർവകലാശാല

## (വിദൂര വിദ്യാഭ്യാസ വിഭാഗം)

No. SDE-V/1/Memo/2016 തീയതി: 19.07.2021

## അറിയിപ്പ്

വിഷയം:- വിദൂര വിദ്യാഭ്യാസ വിഭാഗം - രണ്ടാം വർഷ പി.ജി പരീക്ഷ ജൂൺ 2021 - പരീക്ഷാ വിവരങ്ങളും ഫീസും അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:- സർവകലാശാല വിജ്ഞാപനം(No.EX/EG 1-II/3675/2021 dated:12.07.2021)

……………

സൂചന പ്രകാരം കണ്ണൂർ സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ രണ്ടാം വർഷ പി.ജി പരീക്ഷ ജൂൺ 2021 ന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ (www.kannuruniversity.ac.in) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പരീക്ഷാ രജിസ്ട്രേഷൻ തീയതി ക്രമം, ഫീസ് വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

**2016 & Earlier Admissions (Offline Only)**

| | പിഴയില്ലാതെ | 170/- രൂപ പിഴയോടുകൂടി |
|---|---|---|
| സർവകലാശാലയിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | **28.07.2021, 5pm** | **30.07.2021, 5pm** |

**2017, 2018 & 2019 Admission (Online Only)**

| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയ്യതി | ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയ്യതി | | അപേക്ഷ സർവ്വകലാശാലയിൽ എത്തിക്കേണ്ട അവസാന തീയ്യതി | പരീക്ഷ ആരംഭിക്കുന്ന തീയ്യതി |
|---|---|---|---|---|
| | പിഴയില്ലാതെ | 170/- രൂപ പിഴയോടു കൂടി | | |
| **23.07.2021 (Regular 2019 admission, Supplementary /Improvement 2017,2018 Admission)** | **28.07.2021** | **30.07.2021** | **03.08.2021, 5pm** | പിന്നീട് അറിയിക്കുന്നതാണ് |

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനു ശേഷം 2019 അഡ്മിഷൻ വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് അതിൽ ഫോട്ടോ പതിപ്പിച്ച് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി, താഴെ രേഖപ്പെടുത്തിയ ഫീസടച്ചതിന്റെ ഒറിജിനൽ രശീതി സഹിതം **03.08.2021, 5** മണിക്ക് മുൻപായി സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. തപാൽ മാർഗ്ഗമാണെങ്കിൽ The Director, School of Distance Education, Kannur University, Thavakkara , Civil Station (P.O) Kannur -2 എന്ന അഡ്രസ്സിൽ അയക്കുക. അപേക്ഷയുടെ കവറിന് പുറത്ത് 'Application for 2nd Year P.G (………………………) (SDE) Examination, June 2021' എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**രണ്ടാം വർഷ പരീക്ഷ ഫീസ് ഘടന**

| കോഴ്സ് | തിയറി പരീക്ഷ ഫീസ് | വൈവ | പ്രൊജക്ട്/ ഡെസർട്ടേഷൻ | പ്രാക്ടിക്കൽ | സി.വി ക്യാമ്പ് ഫീസ് | ഗ്രേഡ് കാർഡ് | സെന്റർ ഫീസ് | അപേക്ഷ ഫീസ് | പ്രൊവിഷണൽ സർട്ടിഫിക്കറ്റ് | ആകെ തുക |
|---|---|---|---|---|---|---|---|---|---|---|
| II M.A. English | 780 | 130 | 535 | - | 170 | 70 | 25 | 50 | 170 | **1930** |
| II M.A. History | 910 | 130 | - | - | 170 | 70 | 25 | 50 | 170 | **1525** |
| II M.A. Economics | 650 | -- | - | - | 170 | 70 | 25 | 50 | 170 | **1135** |
| II MA Arabic | 1040 | 130 | - | 200 | 170 | 70 | 25 | 50 | 170 | **1855** |

## സപ്ലിമെൻററി/ഇംപ്രൂവ്മെൻറ് പരീക്ഷകളെഴുതുന്ന വിദ്യാർത്ഥികളുടെ ശ്രദ്ധക്ക്

രണ്ടാംവർഷ സപ്ലിമെൻററി/ഇംപ്രൂവ്മെൻറ് പരീക്ഷകളെഴുതുന്ന വിദ്യാർത്ഥികൾ പൊതു ഫീസിനത്തിൽ 315 രൂപ, തിയറി പേപ്പറൊന്നിന് 200 രൂപ, പ്രാക്ടിക്കൽ 220 രൂപ, വൈവ 130 രൂപ പ്രകാരം ഫീസടച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. 2016 ഉം അതിനു മുമ്പും ഉള്ള വിദ്യാർത്ഥികൾ ഓഫ് ലൈനായി അപേക്ഷിക്കേണ്ടതാണ്. 2017 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ ഓൺലൈനായി രജിസ്റ്റർ ചെയത് അതിന്റെ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് അപേക്ഷകൾ **പരീക്ഷാവിഭാഗത്തിൽ** സമർപ്പിക്കേണ്ടതാണ്. തപാൽ മാർഗ്ഗം അയക്കേണ്ട വിലാസം "The Controller of Examinations, Kannur University, Thavakkara, Civil Station (P.O), Kannur-2

താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിധത്തിൽ ഫീസ് അടയ്ക്കാവുന്നതാണ്.

1. ട്രഷറി ചലാൻ - ഹെഡ് ഓഫ് അക്കൗണ്ട് 8658-00-102-96(27)KUS
2. എസ് ബി ഐ കറണ്ട് അക്കൗണ്ട് പേ-ഇൻ-സ്ലിപ്പ്
3. എസ് ബി ഐ കളക്ട് (ഓൺലൈൻ)

മറ്റ് നിർദേശങ്ങൾ

1. രണ്ടാം വർഷ പഠനത്തിനുള്ള ട്യൂഷൻ ഫീസ് അടച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾ പരീക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പായി നിശ്ചിത ട്യൂഷൻ ഫീസ് 720/ രൂപ പിഴ സഹിതം അടച്ചതിനുശേഷം ചലാൻ (ഒറിജിനൽ) വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ഹാജരാക്കേണ്ടതാണ്.
2. അപേക്ഷയുടെ ഒന്നാം പേജിൽ മുകളിൽ വലത് വശത്തും ഫീ രശീതിയിലും എൻറോൾമെന്റ് നമ്പർ നിർബന്ധമായും എഴുതേണ്ടതാണ്.

(ഒപ്പ്)
പ്രിയ. വി.ഒ
അസിസ്റ്റന്റ് രജിസ്ട്രാർ